യോഹ 2:13 - 22

നവംബർ 06: ഹൂദോസ് ഈത്തൊ ഞായർ

ഭാഷ്യം

I. സന്ദർഭം

യഹൂദരുടെ മൂന്ന് തീർത്ഥാടന തിരുനാളുകളിൽ ആദ്യത്തേതായ പെസഹാത്തിരുന്നാളിന്റെ പശ്ചാത്തലത്തിലാണ് യേശു 'ദേവാലയ ശുദ്ധീകരണം' നടത്തുന്ന സംഭവം യോഹന്നാൻ വിവരിച്ചിരിക്കുന്നത്.

II. പ്രമേയം

ജറുസലെം ദേവാലയത്തിൽ യേശു ചെയ്യുന്ന പ്രവൃത്തികളും അവിടുന്നു പറയുന്ന വാക്കുകളും വെളിപ്പെടുത്തുന്ന കാതലായ സന്ദേശം യേശുവാണ് പുതിയനിയമ ദേവാലയമെന്നതാണ്. യേശുവിന്റെ സ്വഭാവത്തെക്കുറിച്ചെന്ന പോലെതന്നെ, സുവിശേഷരചനയുടെ സ്വഭാവത്തെക്കുറിച്ചും പഠിപ്പിക്കുന്ന വചനഭാഗമാണ് യോഹന്നാൻ 2:12-23. യേശുവിന്റെ 'ദേവാലയശുദ്ധീകരണം' എല്ലാ സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണ്. എന്നാൽ സമാന്തര സുവിശേഷങ്ങളിൽ ഇത് യേശുവിന്റെ പരസ്യജീവിതത്തിന്റെ അവസാനഘട്ടത്തിലും യോഹന്നാന്റെ സുവിശേഷത്തിൽ, യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിലുമാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്.

സുവിശേഷങ്ങളിൽ കാണുന്ന ഈ വ്യത്യസ്ത വിവരണങ്ങൾ സൂചിപ്പിക്കുന്നത്, യേശുവിന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ അതിന്റെ കാലക്രമമനുസരിച്ച് വിവരിക്കുക എന്നത് സുവിശേഷകരുടെ ലക്ഷ്യമായിരുന്നില്ല എന്നതാണ്. യേശുവിന്റെ പ്രവർത്തികൾക്ക് പല അർത്ഥങ്ങളുമുണ്ടെന്നു സുവിശേഷകൻ കണ്ടെത്തി. ഓരോ സുവിശേഷകരും യേശുവിന്റെ പ്രവർത്തിയുടെ ഓരോരോ മാനങ്ങൾ തന്റെ അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

III. സന്ദേശം

1. യോഹന്നാന്റെ വീക്ഷണത്തിൽ പഴയനിയമസംവിധാനങ്ങളുടെ പൂർത്തീകരണമാണ് യേശു. ഈ സത്യം അവതരിപ്പിച്ചുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷം പുരോഗമിക്കുന്നത്. അതനുസരിച്ച്, പഴയ സമാഗമകൂടാരത്തിന്റെ പൂർത്തീകരണമാണ് യേശു (1:11) പഴയനിയമത്തിലെ ദൈവമനുഷ്യസമാഗമമായ "യാക്കോബിന്റെ ഗോവണി"യുടെ പുതിയനിയമ പൂർത്തീകരണവും യേശു തന്നെ (1,51): യഹൂദ അനുഷ്ഠാന നിയമങ്ങളുടെ "വെള്ളം" തന്റെ സുവിശേഷമായ 'വീഞ്ഞു'കൊണ്ട് യേശു മാറ്റി സ്ഥാപിക്കുന്നു (2,1-10). തുടർന്ന് യോഹന്നാൻ പറയാൻ ആഗ്രഹിക്കുന്നത് യേശുവാണ് പുതിയനിയമ ദേവാലയമെന്നതാണ്. അതുകൊണ്ട്, ആ സന്ദേശം അനാവരണം ചെയ്യുന്ന സംഭവം, അത് യേശുവിന്റെ ജീവിതാന്ത്യത്തിൽ നടന്നതാണെങ്കിലും, യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്തായി വിവരിക്കുന്നു.

2. ദേവാലയത്തിന്റെ പ്രധാന ദൗത്യങ്ങളെ അതിന്റെ പൂർണ്ണതയിൽ നിറവേറിയ ഇടമാണ് യേശു. ദൈവസാന്നിദ്ധ്യം അനുഭവവേദ്യമാക്കുക, ദൈവവചനം സംലഭ്യമാക്കുക; ദൈവാരൂപിയെ നൽകുക; പാപപ്പരിഹാരാർത്ഥം ബലിയർപ്പിക്കുക. എന്നതൊക്കെയാണ് ദേവാലയത്തിന്റെ ധർമ്മമെങ്കിൽ ആ ധർമ്മങ്ങളെല്ലാം നൂറുശതമാനം പൂർത്തിയായത് യേശുവാകുന്ന ദേവാലയത്തിലാണ്. ഇതേ ധർമ്മങ്ങൾ എത്രമാത്രം നമ്മുടെ ജീവിതത്തിൽ നിറവേറ്റാൻ നമുക്ക് സാധിക്കുന്നുവോ അത്രത്തോളം നാമും ദേവാലങ്ങൾ തന്നെ.

ഡോ. ജേക്കബ് ചാണിക്കുഴി

പ്രസംഗം

വിശുദ്ധി കാത്തുസൂക്ഷിക്കാം

പനിക്കുള്ള മരുന്ന് പുറത്ത് നിന്നും വാങ്ങണമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ, അയാൾ കുറിച്ച് തന്ന കുറിപ്പുമായി മെഡിക്കൽ ഷോപ്പിൽ എത്തിയതായിരുന്നു ഞാൻ. മരുന്ന് വാങ്ങി പുറത്തിറങ്ങിയപ്പോൾ ആണ് മൊബൈൽ ഒന്ന് റീ ചാർജ് ചെയ്തേക്കാമെന്ന് വിചാരിച്ചത്. റോഡിന്റെ എതിർവശത്തേക്ക് നോക്കിയപ്പോൾ വലിയ അക്ഷരത്തിൽ ഞാൻ മൊബൈൽ ഷോപ്പിന്റെ ബോർഡ് കണ്ടു. 'ആകാശ് മൊബൈൽ ഷോപ്പ്' എന്ന് പേരെഴുതിയ ആ കടയിലേക്ക് റോഡ് മുറിച്ച് കടന്ന് ചെന്ന ഞാൻ ഒരു നിമിഷം കടയുടെ ബോർഡിലേക്കും കടക്കുള്ളിലേക്കും നോക്കി. മുകളിൽ എഴുതിയിരിക്കുന്ന ബോർഡ് മൊബൈൽ ഷോപ്പിന്റേതാണെങ്കിൽ കടക്കുള്ളിൽ വിൽക്കുന്നത് പച്ചക്കറിയും. പണ്ടെങ്ങോ അത് മൊബൈൽഷോപ്പായിരുന്നത്രേ. എന്നെപ്പോലെ എത്ര പേർ ഈ കടയിൽ ബോർഡ് കണ്ട് റീചാർജ് ചെയ്യാൻ വന്നിട്ടുണ്ടാകും എന്ന

റിയില്ല.

ബോർഡ് വച്ചിരിക്കുന്നിടത്ത്, ബോർഡിൽ പറയുന്നത് കിട്ടേണ്ടതാണ്. ബോർഡ് കണ്ടാണ് ആളുകൾ വരിക. ജറുസലെം ദേവാലയത്തിലേക്ക് കയറിച്ചെന്ന ഈശോയ്ക്ക് ദേവാലയത്തിൽ പ്രതീക്ഷച്ചത് കാണാൻ സാധിച്ചില്ല. ദേവാലയത്തിൽ നടക്കേണ്ടത് കച്ചവടമല്ലെന്നും, അത് കവർച്ചക്കാരുടെ ഗുഹയാക്കി മാറ്ററുതെന്നും ഈശോ ആഗ്രഹിച്ചു. ജറുസലെം ദേവാലയത്തിന്റെ നിർമ്മാണത്തിനുശേഷം സോളമൻ രാജാവ് കർത്താവിന്റെ ബലിപീഠത്തിനു മുമ്പിൽ നിന്ന് പ്രാർത്ഥിക്കുന്നത് രാജാക്കന്മാരുടെ ഒന്നാം പുസ്തകം 8-ാം അദ്ധ്യായത്തിൽ നമ്മൾ കാണുന്നുണ്ട്. എന്തിനുവേണ്ടിയാണ് ഇസ്രായേൽജനം ദേവാലയത്തിൽ വരുന്നതെന്നും, വരേണ്ടതെന്നും ഈ പ്രാർത്ഥനയിൽ വ്യക്തമാണ്. പ്രാർത്ഥനയുടെ അവസാനം രാജാവ് പറയുന്നത് ഇങ്ങിനെയാണ്: "ആകയാൽ ഇന്നത്തെപ്പോലെ അവിടുത്തെ കൽപ്പനകളും ചട്ടങ്ങളും അനുസരിച്ച് ജീവിക്കുന്നതിന് നിങ്ങളുടെ ഹൃദയം പൂർണ്ണമായി ദൈവമായ കർത്താവിൽ ആയിരിക്കട്ടെ" (1 രാജാ 8:61).

ഹൃദയംകൊണ്ട് തന്നിൽ നിന്നും അകന്നുപോയ ഒരു ജനതയെ ആണ് ഈശോ ഇന്ന് ദേവാലയത്തിൽ കാണുന്നത്. അവരുടെ ഹൃദയം ദൈവവിചാരത്തിൽ നിന്നും മാറി, പണത്തിലേക്കും, കച്ചവടത്തിലേക്കും വഴിമാറിപോയതായി അവിടുന്ന് കണ്ടു. ദേവാലയത്തിൽ നിന്നും മാത്രമല്ല, അവരുടെ ഹൃദയങ്ങളിൽ നിന്നുപോലും ദൈവം പടിയിറങ്ങിപോയതായി ഈശോ മനസ്സിലാക്കി.

ജറെമിയ പ്രവാചകനിലൂടെ അരുളിച്ചെയ്ത വാക്കുകൾ ഇവിടെ അർത്ഥവത്താകുന്നു. ജറെമിയ 7-ാം അദ്ധ്യായത്തിൽ നമ്മൾ വായിക്കുന്നു: "കർത്താവിനെ ആരാധിക്കാൻ ഈ വാതിലുകളിലൂടെ പ്രവേശിക്കുന്ന യൂദാനിവാസികളേ, കർത്താവിന്റെ വാക്കു കേൾക്കുവിൻ. ഇസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളുടെ മാർഗ്ഗങ്ങളും പ്രവൃത്തികളും നേരെയാക്കുവിൻ. എങ്കിൽ ഈ സ്ഥലത്ത് വസിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കാം.

കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം എന്ന പൊള്ളവാക്കുകളിൽ ആശ്രയിക്കരുത്. നിങ്ങളുടെ മാർഗ്ഗങ്ങളും പ്രവൃത്തികളും തിരുത്തിയാൽ, അയൽക്കാരനോട് യഥാർത്ഥമായ നീതിപുലർത്തിയാൽ, പരദേശിയെയും, അനാഥനെയും, വിധവയെയും ചൂഷണം ചെയ്യാതെയും ഇവിടെ നിഷ്ക്കളങ്ക രക്തം ചിന്താതെയുമിരുന്നാൽ.... എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ... (ജറെ 7).

പ്രവാചകന്മാരിലൂടെ നൽകിയ മുന്നറിയിപ്പുകളൊന്നും ചെവികൊള്ളാതിരുന്ന ജനത്തിനെതിരെ ദൈവം തന്നെ ചാട്ടവാറെടുക്കുന്നു. ദേവാലയത്തിലും ദേവാലയത്തിൽ നിൽക്കുന്നവരിലും ദൈവസാന്നിധ്യമാണ് നിറഞ്ഞ് നിൽക്കേ

ണ്ടതെന്ന് അവിടുന്ന് ഓർമ്മിപ്പിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണത യാൽ നിറഞ്ഞ് നിൽക്കുന്ന ദേവാലയത്തെയും, ജനതയെയുമാണ് അവിടുന്ന് പ്രതീക്ഷിക്കുന്നത്. "നീ നിൽക്കുന്ന സ്ഥലം പവിത്രമാണ്, അതിനാൽ നിന്റെ ചെരിപ്പഴിച്ച് മാറ്റുക" എന്ന് മോശയോട് അരുളിചെയ്ത ദൈവം എന്നോടും, നിങ്ങളോടും പറയുന്നുണ്ട്... ചെരിപ്പഴിച്ച് മാറ്റാൻ, ആ ചെരിപ്പ് എന്തുമാകാം. അത് ദൈവത്തിനിണങ്ങാത്ത പ്രവൃത്തികളാകാം, വിചാരങ്ങളാകാം, വികാര ങ്ങളാകാം... വിശുദ്ധമായ ചിന്തകളോടെ ദേവാലയത്തിൽ നിൽക്കാനും, ദേവാ ലയം വിശുദ്ധമായി കാത്ത് സൂക്ഷിക്കാനും നമുക്ക് പരിശ്രമിക്കാം.

ഫാ. ഷിബു പുളിക്കൽ